

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## ഡോക്ടറുടെ ബുള്ളറ്റ് മോഷണം കുപ്രസിദ്ധ ഗുണ്ട പെരുമ്പാവൂർ അനസിൻെറ കൂട്ടാളി പിടിയിൽ

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്ന ഡോക്ടറുടെ ബുള്ളറ്റ് മോഷ്ടിച്ച് മറ്റൊരു ബുള്ളറ്റിൻെറ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് ഓടിച്ച കേസ്സിൽ ഒളിവിൽ കഴിയുകയായിരുന്ന പ്രതി പിടിയിലായി. പുതുനഗരം , കാട്ടുത്തെരുവ് കോഴിക്കുട്ടൻ വീട്ടിൽ അസീസ് എന്ന മുഹമ്മദ് അജീഷ് വഃ22 നെയാണ് ഇന്ന് ചിറ്റൂർ പോലീസ് അറസ്റ്റു ചെയ്തത്.



# ഡോക്ടറുടെ ബുള്ളറ്റ് മോഷണം; കുപ്രസിദ്ധ ഗുണ്ടയുടെ കൂട്ടാളി പിടിയിൽ

പാലക്കാട്: തൃശൂർ മെഡിക്കൽ കോളജിൽ ജോലി ചെയ്യുന്ന ഡോക്ടറുടെ ബുള്ളറ്റ് ബൈക്ക് മോഷ്ടിച്ച് മറ്റൊരു ബുള്ളറ്റിന്റെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് ഓടിച്ച കേസിൽ ഒളിവിൽ കഴിയുകയായിരുന്ന പ്രതി പോലീസ് പിടിയിലായി. പുതുനഗരം കാട്ടുത്തെരുവ് കോഴിക്കുട്ടൻ വീട്ടിൽ അസീസ് എന്ന മുഹമ്മദ് അജീഷ് (22)നെയാണ് ചിറ്റൂർ പോലീസ് അറസ്റ്റു ചെയ്തത്. കേസിൽപെട്ട വാഹനം രണ്ട് മാസം മുമ്പ് രഹസ്യവിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തത്തമംഗലത്തുള്ള പ്രതിയുടെ വാടക വീട്ടിൽ നിന്നും പോലീസ് കണ്ടെത്തിയിരുന്നു. ശേഷം ഒളിവിൽ പോയ പ്രതിയെയാണ് ഇന്നലെ സാഹസികമായി പിടികൂടിയത്.

കഴിഞ്ഞ വർഷമാണ് തൃശൂർ മെഡിക്കൽ കോളജിൽ പ്രാക്ടീസിനു വന്ന ഡോക്ടറുടെ ബുള്ളറ്റ് മോഷണം പോയത്. തുടർന്ന് മെഡിക്കൽ കോളജ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. കഞ്ചാവു കച്ചവടക്കാരനായ പ്രതിയെ കഴിഞ്ഞ വർഷം ബുള്ളറ്റോടുകൂടി മണ്ണുത്തി പോലീസ് പിടികൂടിയിരുന്നു. മണ്ണുത്തി പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ സൂക്ഷിച്ച ബുള്ളറ്റിന്റെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ചാണ് ജാമ്യത്തിലിറങ്ങിയ പ്രതി മോഷണ ബുള്ളറ്റ് ഉപയോഗിച്ചിരുന്നത്.

കാഴ്ചയിൽ ഒരേ രൂപത്തിലുള്ള വാഹനമായതിനാൽ ആർക്കും സംശയം ഉണ്ടായിരുന്നില്ല. പ്രതിയുടെ പേരിൽത്തന്നെയാണ് വാഹനം രജിസ്റ്റർ ചെയ്തിരുന്നത്. ഇയാൾ വീണ്ടും കഞ്ചാവ് കച്ചവടം നടത്തുന്നുവെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കാൻ പോയ ഡാൻസാഫ് സ്ക്വാഡ് ആണ് ബുള്ളറ്റ് കണ്ടെത്തിയത്. തുടർന്ന് പരിശോധിച്ചതിൽ മോഷണ വാഹനമാണെന്ന് തിരിച്ചറിഞ്ഞു, ചിറ്റൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ബുള്ളറ്റ് കസ്റ്റഡിയിൽ എടുത്തു.

ഇയാൾക്കെതിരെ പുതുനഗരം, ചിറ്റൂർ, മണ്ണുത്തി എന്നീ പോലീസ് സ്റ്റേഷനുകളിലായി നിരവധി മോഷണക്കേസുകളും കഞ്ചാവു കേസും നിലവിലുണ്ട്. കുപ്രസിദ്ധ ഗുണ്ടയും കരിപ്പൂർ സ്വർണക്കടത്തു കേസിൽ അന്വേഷണം നേരിടുകയും ചെയ്യുന്ന പെരുമ്പാവൂർ അനസിന്റെ സുഹൃത്താണ് അജീഷെന്ന് പോലീസ് പറഞ്ഞു.

ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ചിറ്റൂർ ഇൻസ്പെക്ടർ ബിനു, സബ് ഇൻസ്പെക്ടർ ജയപ്രദീപ്, എ.എസ്.ഐ. മുഹമ്മദ് റാഫി, സി.പി.ഒ.മാരായ സന്ദീപ്, ശബരി, ഡാൻസാഫ് സ്ക്വാഡ് അംഗം ആർ. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

കഴിഞ്ഞ വർഷമാണ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രാക്ടീസിനു വന്ന ഡോക്ടറുടെ ബുള്ളറ്റ് മോഷണം പോയത്. തുടർന്ന് മെഡിക്കൽ കോളേജ് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. കഞ്ചാവ് കച്ചവടക്കാരനായ പ്രതിയെ കഴിഞ്ഞ വർഷം ടിയാന്റെ ബുള്ളറ്റോടുകൂടി മണ്ണുത്തി പോലീസ് പിടികൂടിയിരുന്നു. മണ്ണുത്തി പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ സൂക്ഷിച്ച ബുള്ളറ്റിന്റെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ചാണ് ജാമ്യത്തിലിറങ്ങിയ പ്രതി മോഷണ ബുള്ളറ്റ് ഉപയോഗിച്ചിരിന്നത്. ടിയാനെതിരെ പുതുനഗരം, ചിറ്റൂർ, മണ്ണുത്തി എന്നീ പോലീസ് സ്റ്റേഷനുകളിലായി നിരവധി മോഷണക്കേസ്സുകളും കഞ്ചാവു കേസ്സും നിലവിലുണ്ട്.

ജില്ലാ പോലീസ് മേധാവിയുടെ R. വിശ്വനാഥ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് , പാലക്കാട് നർകോട്ടിക് സെൽ DySP CD. ശ്രീനിവാസന്റെ മേൽനോട്ടത്തിൽ ചിറ്റൂർ ഇൻസ്പെക്ടർ ബിനു, സബ് ഇൻസ്പെക്ടർ ജയപ്രദീപ്, ASI മുഹമ്മദ് റാഫി, CPO മാരായ സന്ദീപ്, ശബരി ഡാൻസാഫ് സ്ക്വാഡ് അംഗം R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

.....................................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT